പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : **518**

**24.10.2011-ൽ** മറുപടിയ്ക്ക്

**ശബരിമല തീർത്ഥാടനം സംബന്ധിച്ച സുരക്ഷാ മാന്വൽ**

ചോദ്യം
ശ്രീ. ജോസഫ് വാഴക്കൻ
ശ്രീ. അൻവർ സാദത്ത്
ശ്രീ. ഐ.സി. ബാലകൃഷ്ണൻ
ശ്രീ. പാലോട് രവി

ഉത്തരം
ശ്രീ. വി.എസ്. ശിവകുമാർ,
ഗതാഗതവും ദേവസ്വവും
വകുപ്പു മന്ത്രി.

(എ) ശബരിമല തീർത്ഥാടന കാലത്ത് ഉണ്ടാകുന്ന ദുരന്തങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്;

(എ) ശബരിമലയിലെ ദുരന്തങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി സുരക്ഷാ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിലേക്കായി ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള സുരക്ഷാ ഉപകരണങ്ങളും മറ്റും ശബരിമലയിൽ സ്ഥാപിച്ചുവരുന്നു. തീർത്ഥാടന കാലത്ത് സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി പോലീസ് കമാൻഡോസ്, ബോംബ് ഡിക്റ്റഷൻ സ്ക്വാഡുകൾ, ഇന്റലിജൻസ് വിഭാഗം, കേന്ദ്ര ദ്രുതകർമ്മ സേന, ദേശീയ ദുരന്ത നിവാരണ സേന എന്നിവരെ പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ വിന്യസിച്ച് തിരക്ക് നിയന്ത്രിച്ച് അപകടങ്ങൾ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സന്നിധാനത്തുള്ള തിരക്ക് ഒഴിവാക്കുന്നതിനായി ഭക്തജനങ്ങൾക്ക് സന്നിധാനത്തുനിന്ന് പുറത്തുവരുന്നതിനായി മാളികപ്പുറത്തുനിന്നും ഒരു പുതിയ പാത നിർമ്മിക്കുന്നുണ്ട്. കഴിഞ്ഞ സീസണിൽ ഉണ്ടായ പുല്ലുമേട് ദുരന്തത്തിന്റെ വെളിച്ചത്തിൽ കോഴിക്കാനം-ഉപ്പുപാറ വഴിയിൽ കൂടിയുള്ള സ്വകാര്യവാഹനങ്ങളുടെ ഗതാഗതം നിരോധിച്ചിട്ടുണ്ട്. ഉപ്പുപാറയിൽ ബാരിക്കേടുകൾ നിർമ്മിക്കുവാനും, പോലീസ് സാന്നിദ്ധ്യം വർദ്ധിപ്പിക്കാനും, വെളിച്ചം ലഭ്യമാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപ്പുപാറ, പാഞ്ചാലിമേട്, പരുന്തൻപാറ എന്നിവിടങ്ങളിലും സുരക്ഷാ

സംവിധാനം മെച്ചപ്പെടുത്തും. ഉപ്പുപാറയിൽ ഫയർ ആൻറ് റെസ്ക്യൂ സർവ്വീസിൻെറ സേവനം ഉറപ്പുവരുത്തുന്നതാണ്. കൂടാതെ കൂടുതൽ സ്ഥലങ്ങൾ, ഇൻഷുറൻസ് സ്കീമിൽ ഉൾപ്പെടുത്തുന്ന കാര്യം തിരുവിതാംകൂർ ദേവസ്വം ബോർഡ് പരിഗണിക്കുന്നുണ്ട്. പമ്പയിലും സന്നിധാനത്തും വർദ്ധിച്ചുവരുന്ന ഭക്തജന തിരക്ക് കണക്കിലെടുത്ത് അപകടങ്ങൾ ഒഴിവാക്കുന്നതിനായി കൂടുതൽ പോലീസിനെ വിന്യസിക്കാനും അവർക്ക് കൂടുതൽ ജാഗ്രതാ നിർദ്ദേശങ്ങൾ നൽകാനും തീരുമാനിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇതിന് എത്രകോടി രൂപ അനുവദിച്ചിട്ടുണ്ട്; | (ബി) | റോഡ് വികസനം, സുരക്ഷാ ക്രമീകരണങ്ങൾ, അനുബന്ധ ചിലവുകൾ, ഇടത്താവള വികസനം എന്നിവയ്ക്കായി 70 കോടി രൂപ മതിപ്പ് ചിലവ് കണക്കാക്കുന്നു. ഈ വർഷം ഗവൺമെൻറ് 15 കോടി നീക്കിവച്ചിട്ടുണ്ട്. |
| (സി) | ദുരന്തങ്ങൾ ഒഴിവാക്കുന്നതിന് സുരക്ഷാ മാന്വൽ തയ്യാറാക്കിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാം; | (സി) & (ഡി) | കരട് സുരക്ഷാ മാന്വൽ തയ്യാറാക്കിയിട്ടുണ്ട്. ഇതിലെ പ്രധാന നിർദ്ദേശങ്ങൾ ഈ വർഷം നടപ്പിലാക്കും. ഒരു തീർത്ഥാടന കാലയളവിൽ നിർദ്ദേശങ്ങൾ പരീക്ഷിക്കപ്പെട്ടശേഷം അവയ്ക്ക് അന്തിമരൂപം നൽകുന്നതായിരിക്കും. ഈ വർഷംതന്നെ, വകുപ്പുകൾക്കും തീർത്ഥാടകർക്കുമുള്ള പൊതുവായ സുരക്ഷാ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കും. |
| (ഡി) | സുരക്ഷാ മാന്വൽ വരുന്ന തീർത്ഥാടന കാലം ആരംഭിക്കുന്നതിന് മുമ്പ് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

# വിശദീകരണക്കുറിപ്പ്

ശബരിമലയിലെ ദുരന്തങ്ങൾ ഒഴിവാക്കുന്നതിൻെറ ഭാഗമായി സുരക്ഷാ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിലേക്കായി ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള സുരക്ഷാ ഉപകരണങ്ങളും മറ്റും ശബരിമലയിൽ സ്ഥാപിച്ചുവരുന്നു. തീർത്ഥാടന കാലത്ത് സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി പോലീസ് കമാൻഡോസ്, ബോംബ് ഡിക്റ്റഷൻ സ്ക്വാഡുകൾ, ഇൻറലിജൻസ് വിഭാഗം, കേന്ദ്ര ദ്രുതകർമ്മസേന, ദേശീയ ദുരന്ത നിവാരണ സേന എന്നിവരെ പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ വിന്യസിച്ച് തിരക്ക് നിയന്ത്രിച്ച് അപകടങ്ങൾ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സന്നിധാനത്തുള്ള തിരക്ക് ഒഴിവാക്കുന്നതിനായി ഭക്തജനങ്ങൾക്ക് സന്നിധാനത്തുനിന്ന് പുറത്തുവരുന്നതിനായി മാളികപ്പുറത്തുനിന്നും ഒരു പുതിയ പാത നിർമ്മിക്കുന്നുണ്ട്. കഴിഞ്ഞ സീസണിൽ ഉണ്ടായ പുല്ലുമേട് ദുരന്തത്തിൻെറ വെളിച്ചത്തിൽ കോഴിക്കാനം-ഉപ്പുപാറ വഴിയിൽ കൂടിയുള്ള സ്വകാര്യവാഹനങ്ങളുടെ ഗതാഗതം നിരോധിച്ചിട്ടുണ്ട്. ഉപ്പുപാറയിൽ ബാരിക്കേടുകൾ നിർമ്മിക്കുവാനും, പോലീസ് സാന്നിദ്ധ്യം വർദ്ധിപ്പിക്കാനും, വെളിച്ചം ലഭ്യമാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപ്പുപാറ, പാഞ്ചാലിമേട്, പരുന്തൻപാറ എന്നിവിടങ്ങളിലും സുരക്ഷാ സംവിധാനം മെച്ചപ്പെടുത്തും. ഉപ്പുപാറയിൽ ഫയർ ആൻറ് റെസ്ക്യൂ സർവ്വീസിൻെറ സേവനം ഉറപ്പുവരുത്തുന്നതാണ്. കൂടാതെ കൂടുതൽ സ്ഥലങ്ങൾ, ഇൻഷുറൻസ് സ്കീമിൽ ഉൾപ്പെടുത്തുന്ന കാര്യം തിരുവിതാംകൂർ ദേവസ്വം ബോർഡ് പരിഗണിക്കുന്നുണ്ട്. പമ്പയിലും സന്നിധാനത്തും വർദ്ധിച്ചുവരുന്ന ഭക്തജന തിരക്ക് കണക്കിലെടുത്ത് അപകടങ്ങൾ ഒഴിവാക്കുന്നതിനായി കൂടുതൽ പോലീസിനെ വിന്യസിക്കാനും അവർക്ക് കൂടുതൽ ജാഗ്രതാ നിർദ്ദേശങ്ങൾ നൽകാനും തീരുമാനിച്ചിട്ടുണ്ട്. റോഡ് വികസനം, സുരക്ഷാ ക്രമീകരണങ്ങൾ, അനുബന്ധ ചിലവുകൾ, ഇടത്താവള വികസനം എന്നിവയ്ക്കായി 70 കോടി രൂപ മതിപ്പ് ചിലവ് കണക്കാക്കുന്നു. ഈ വർഷം ഗവൺമെൻറ് 15 കോടി നീക്കിവച്ചിട്ടുണ്ട്. തീർത്ഥാടകരുടെ സുരക്ഷയുമായി ബന്ധപ്പെട്ട് കരട് സുരക്ഷാ മാന്വൽ തയ്യാറാക്കിയിട്ടുണ്ട്. ഇതിലെ പ്രധാന നിർദ്ദേശങ്ങൾ ഈ വർഷം നടപ്പിലാക്കും. ഒരു തീർത്ഥാടന കാലയളവിൽ നിർദ്ദേശങ്ങൾ പരീക്ഷിക്കപ്പെട്ടശേഷം അവയ്ക്ക് അന്തിമരൂപം നൽകുന്നതായിരിക്കും. ഈ വർഷംതന്നെ, വകുപ്പുകൾക്കും തീർത്ഥാടകർക്കു മുള്ള പൊതുവായ സുരക്ഷാ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കും.